പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

21-12-2020

## സോഷ്യൽ മീഡിയയിൽ വൈറൽ ആയ വീഡിയോ

## മർദനമേറ്റ കുട്ടികളെ ബാലാവകാശ കമ്മീഷൻ സന്ദർശിച്ചു

വീട്ടിൽ വച്ചിരുന്ന മദ്യക്കുപ്പി മാറ്റിവച്ചെന്ന സംശയത്തിൽ മകളെ വടി കൊണ്ട് തല്ലി നോവിക്കുന്നതിന്റെ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ച സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. സംഭവത്തിൽ മർദ്ദനമേറ്റ കുട്ടിയെയും കുടുംബാംഗങ്ങളെയും കമ്മീഷൻ ചെയർമാൻ കെ.വി മനോജ്കുമാർ സന്ദർശിച്ച് വിവരങ്ങൾ ചോദിച്ച് മനസ്സിലാക്കി. കമ്മീഷൻ അംഗങ്ങളായ റെനി ആന്റണി, സി. വിജയകുമാർ, പി.പി ശ്യാമളകുമാരി എന്നിവർ ഒപ്പം ഉണ്ടായിരുന്നു. കേസിൽ റൂറൽ പൊലീസ് കമ്മീഷണർ, ജില്ല ശിശു സംരക്ഷണ ഓഫീസർ, ആറ്റിങ്ങൽ പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ എന്നിവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടു.

No. 7325/01/LA1/2020

## ശ്രീചിത്രയിൽ കുട്ടികൾക്ക് ചികിത്സ നിർത്തുന്നതായി വാർത്ത : ബാലാവകാശ കമ്മീഷൻ കേസെടുത്തു

ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ കുട്ടികൾക്കുള്ള സൗജന്യ ചികിത്സ അവസാനിപ്പിച്ചതായുള്ള വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. സൗജന്യ ചികിത്സയ്ക്കായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നൽകാനുള്ള 10 കോടിയിലേറെ രൂപ കുടിശ്ശികയായ സാഹചര്യത്തിലാണ് കടുത്ത തീരുമാനം എടുക്കേണ്ടിവന്നതെന്നാണ് വാർത്ത. നിജസ്ഥിതി ആരാഞ്ഞ് കമ്മീഷൻ ശ്രീചിത്ര ഡയറക്ടർക്ക് നോട്ടീസ് നൽകി. സൗജന്യചികിത്സ പ്രതീക്ഷിക്കുന്ന ഗുരുതരാവസ്ഥയിലുള്ള കുഞ്ഞുങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണെന്ന് ചെയർമാൻ കെ.വി മനോജ്കുമാർ പറഞ്ഞു.

പബ്ലിക് റിലേഷൻസ് ഓഫീസർ